**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1052** 12.07.2016 ൽ മറുപടിയ്ക്ക്

**കീടനാശിനി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള പല കീടനാശിനികളും വിറ്റഴിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; | (എ) ഇടുക്കി , പാലക്കാട് തുടങ്ങി അയൽ സംസ്ഥാനങ്ങളുമായി ചേർന്നുകിടക്കുന്ന ജില്ലകളിൽ, നിരോധിക്കപ്പെട്ട കീടനാശിനികൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധിത കീടനാശിനികളുടെ വിതരണവും വിൽപ്പനയും തടയുവാൻ കർശന നടപടികൾ സ്വീകരിക്കുവാൻ കൃഷി ഭവനുകളിലെ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ ഡിപ്പോകളും രണ്ടാഴ്ചയിലൊരിക്കൽ പരിശോധിച്ചു ക്രമവിരുദ്ധമോ നിരോധിച്ചിട്ടുളളതോ ആയ കീടനാശിനികളുടെ വില്പനയും ഉപയോഗവും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്. എല്ലാ ഡിപ്പോകളിലും കീടനാശിനികളുടെ സ്റ്റോക്ക്/ വിലവിവരങ്ങൾ നിർബന്ധമായി പ്രദർശിപ്പിക്കുവാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇതിനൊപ്പം, നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വില്പനയും തടയുവാനായി ജില്ലാതലത്തിൽ രൂപം കൊടുത്തിട്ടുള്ള വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും നിർദ്ദേശം നല്കിക്കഴിഞ്ഞു. |
| (ബി) പല കീടനാശിനി കമ്പനികളും കർഷകരെ തെറ്റിദ്ധരിപ്പിച്ച് ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ടെന്ന വിവരം | (ബി) കീടനാശിനി നിർമ്മാതാക്കളുടേയും വിതരണക്കാരുടേയും പ്രതിനിധികൾ, ചിലയിടങ്ങളിൽ കർഷകരുമായി നേരിട്ട് |

| | | |
|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ; | ബന്ധപ്പെട്ട്, വിളകളിൽ കീടനാശിനി പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. ഇതിനായി കൃഷി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കീടനാശിനി വിൽക്കുന്ന കടകളിൽ പരിശോധന നടത്തുന്നതിന് നിലവിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; കൃഷി ഓഫീസർമാരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (സി) കാർഷികവികസന കർഷക ക്ഷേമവകുപ്പിനു കീഴിലുള്ള കൃഷിഭവനുകളിലെ എല്ലാ കൃഷി ഓഫീർമാരെയും കീടനാശിനി വിൽക്കുന്ന കടകളിൽ പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒന്നിലധികം ജില്ലകൾ അധികാര പരിധിയുള്ള 4 മേഖല കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ (ക്വാളിറ്റി കൺട്രോൾ) സംസ്ഥാനത്ത് അതത് അധികാരപരിധിയിൽ കീടനാശിനി വില്പനശാലകൾ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ, കൃഷി വകുപ്പിലെ കൃഷി ശാസ്ത്രബിരുദം അടിസ്ഥാനയോഗ്യതയായുള്ള മറ്റ് സാങ്കേതിക ഉദ്യോഗസ്ഥർക്കും, ആവശ്യാനുസരണം കീടനാശിനി വില്പനശാലകൾ പരിശോധിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. |
| (ഡി) | കീടനാശിനി കമ്പനികൾ കർഷകരുമായി നേരിട്ട് ബന്ധപ്പെടുന്നതിന് ഏതെങ്കിലും തരത്തിലുള്ള വിലക്കേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ; | (ഡി) കീടനാശിനികമ്പനികൾ കർഷകരുമായി നേരിട്ട് ബന്ധപ്പെട്ട് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തടയുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടികളെടുത്തിട്ടുണ്ട്.<br>കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും കർഷകരുമായി നേരിട്ട് ബന്ധപ്പെട്ട് കർഷകരെ സ്വാധീനിക്കുന്നതിനും കീടനാശിനിപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതും നേരിട്ട് Demonstration നടത്തുന്നതും, പരസ്യങ്ങൾ നടത്തുന്നതും വിലക്കേർപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. ഇതിനായി കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ കൃഷി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>നിരോധിത കീടനാശിനി കമ്പനികളുടെ ഉപയോഗവും ഗുണമേന്മയില്ലാത്ത കീട |

| | | |
|---|---|---|
| | | നാശിനികളുടെ വിതരണവും തടയുക, രാസ കീടനാശിനികളുടെ അമിതമായ ഉപയോഗം തടയുക, ഒരോ വിളകൾക്കും ശുപാർശ ചെയ്തിട്ടുള്ള കീടനാശിനികളില്ലാതെ മറ്റ് കീടനാശിനികളുടെ അനിയന്ത്രിതമായ പ്രയോഗം ഒഴിവാക്കുക, കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരമല്ലാതെ ''നിയന്ത്രിത കീടനാശിനികൾ'' ഉപയോഗിക്കുന്നത് തടയുക എന്നിവ ലക്ഷ്യമിട്ടാണ് ഈ നിയന്ത്രണങ്ങൾ നിർദ്ദേശിച്ചുള്ളത് |
| (ഇ) | ഇത്തരം കമ്പനികളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും തങ്ങളുടെ വിപണന തന്ത്രങ്ങളിലൂടെ കർഷകരെ അമിതമായി സ്വാധീനിക്കുന്നതും കീടനാശിനി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നിരുത്സാഹപ്പെടുത്തുവാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും ചേർന്നുള്ള വിള പരീക്ഷണങ്ങളും ഡെമോൺസ്ട്രേഷനുകളും പൂർണ്ണമായി ഒഴിവാക്കുവാൻ കൃഷി വകുപ്പ് നടപടികളെടുത്തു വരുന്നു. കീടനാശിനി നിർമ്മാതാക്കളോ വിതരണക്കരോ നേരിട്ട് പാടശേഖരസമിതികൾക്കും മറ്റ് കർഷകസംഘങ്ങൾക്കും കീടനാശിനികൾ വിതരണം ചെയ്യുന്നതും വിലക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കി നിയമാനുസൃത നടപടി സ്വീകരിക്കും. ഇതിനു പുറമെ ആവശ്യമായ മറ്റ് മേൽ നടപടികൾ നിർദ്ദേശിക്കുവാൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഹൈലെവൽ കമ്മിറ്റിക്കും ഇപ്പോൾ രൂപം കൊടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**